**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2739**

**06-02-2018 ലെ മറുപടി**

## <u>ശുദ്ധജലപദ്ധതികൾ</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.സുരേഷ് കുറുപ്പ്**<br>**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീ.ഐ.ബി.സതീഷ്**<br>**ശ്രീ.എം. മുകേഷ്** | | **മാത്യു.ടി.തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | ഈ സർക്കാർ സംസ്ഥാനത്ത് എത്ര ശുദ്ധജല പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | **<u>കേരള ജല അതോറിറ്റി</u>**<br>ഈ സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയതും നിലവിലുള്ളതിന്റെ വിപുലീകരണവും അടക്കം ഏറ്റെടുത്ത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>**<u>കിഫ്ബി</u>**<br>2016-17-ൽ കിഫ്ബി ധനസഹായത്തോടു കൂടി നടപ്പിലാക്കാൻ തീരുമാനിച്ച 23 കുടിവെള്ള പദ്ധതികൾക്ക് 1257.1 കോടി രൂപയുടെ ഭരണാനുമതി നൽകി. മേൽ പദ്ധതികളുടെ പട്ടിക **അനുബന്ധം-1 ൽ** ചേർക്കുന്നു.<br>കൂടാതെ 2017-18 ബജറ്റിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച 35 കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതികളുടെ പട്ടിക **അനുബന്ധം -2 ൽ** ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | **<u>അമൃത്</u>**<br>കേന്ദ്ര-സംസ്ഥാന സംയുക്ത സംരംഭമായ അമൃത് പദ്ധതി സംസ്ഥാനത്ത് 9 നഗരങ്ങളിലാണ് നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവയാണ് ഈ നഗരങ്ങൾ. അമൃത് പദ്ധതിയിൽ ഉൾപ്പെട്ട 9 നഗരങ്ങളിലായി 1047 കോടി രൂപയുടെ എൺപത്തിയേഴ് (87) കുടിവെള്ള പദ്ധതികളാണ് മൂന്ന് ആക്ഷൻ പ്ലാനുകളിലായി (2015-16, 2016-17, 2017-18) കേരള ജല അതോറിറ്റിക്ക് അനുവദിച്ചിട്ടുള്ളത്. ഇതിൽ 863.04 കോടി രൂപയുടെ 53 എണ്ണം താരതമ്യേന വലിയ പദ്ധതികളാണ്.<br>ഈ പദ്ധതിയുടെ 50% വിഹിതം കേന്ദ്ര ഗവൺമെന്റും, ബാക്കിയുള്ള തുക 30%, 20% എന്നീ അനുപാതത്തിൽ സംസ്ഥാന സർക്കാരും നഗരസഭകളും ചേർന്ന് വഹിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br>മേൽ പദ്ധതികളുടെ പട്ടിക **അനുബന്ധം 3-**ൽ ചേർക്കുന്നു.<br>**<u>സ്റ്റേറ്റ് പ്ലാൻ</u>**<br>ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം സ്റ്റേറ്റ് പ്ലാനിൽ ഗ്രീൻ ബുക്ക് അടക്കം 8 പദ്ധതികൾക്ക് 224 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പട്ടിക **അനുബന്ധം 4-ൽ** ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | **<u>നബാർഡ്</u>**<br>ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം നബാർഡിന്റെ ധനസഹായത്തോടെ 2016 നവംബറിൽ RIDF XXII ൽ ഉൾപ്പെടുത്തി 6 പദ്ധതികൾക്കും (57.19 കോടി രൂപ) 2017 ഡിസംബർ 31 ന് RIDF XXIII ൽ ഉൾപ്പെടുത്തി 3 പദ്ധതികൾക്കും (85.54 കോടി) ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഒൻപത് പദ്ധതികളുടെ പട്ടിക **അനുബന്ധം 5-ൽ** ചേർക്കുന്നു.<br><br>**<u>ഭൂജലവകുപ്പ്</u>**<br>ഭൂജലവകുപ്പ് കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. 2017-18 സാമ്പത്തികവർഷം ഭൂഗർഭജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻ കീഴിൽ ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 14 ചെറുകിട കുടിവെള്ള പദ്ധതികൾക്കും, 19 കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. 2017-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 5389 കുഴൽക്കിണർ കൈപമ്പുകളുടെ അറ്റകുറ്റപണികളും, 347 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **ജലനിധി**<br>ലോകബാങ്ക് ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി 2174 സ്കീമുകൾക്ക് അംഗീകാരം നൽകി. 1663 പദ്ധതികൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്തി വരുന്നു. 511 പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. രണ്ടാംഘട്ട പദ്ധതിയുടെ തുടർച്ച എന്ന നിലയിൽ 50 ഗ്രാമ പഞ്ചായത്തുകളിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുവേണ്ടി ആകെ 1007 കോടി രൂപയുടെ പുതിയ പദ്ധതി നിർദ്ദേശം ലോകബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര പദ്ധതികളാണ് നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത് എന്ന വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം നബാർഡിന്റെ ധനസഹായത്തോടെ 2016 നവംബറിൽ RIDF XXII-ൽ ഉൾപ്പെടുത്തി 6 പദ്ധതികൾക്കും 2017 ഡിസംബർ 31 ന് RIDF XXIII ൽ ഉൾപ്പെടുത്തി 3 പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട് . |

**സെക്ഷൻ ഓഫീസർ**

| കിഫ്ബി 2016-17 പദ്ധതികൾ -അനുബന്ധം -1 | | |
|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് തുക (കോടിയിൽ) |
| 1 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും, വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 35 |
| 2 | തിരുവല്ല-ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 58 |
| 3 | കൊല്ലം കോർപ്പറേഷൻ രണ്ടാംഘട്ടം കുടിവെള്ള പദ്ധതി വിപുലീകരണം | 235 |
| 4 | കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ഒന്നാം ഘട്ടം | 76 |
| 5 | പൊന്നാനിയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി യുള്ള സമഗ്ര കുടിവെള്ള പദ്ധതി | 74.4 |
| 6 | കൊയിലാണ്ടി മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 85 |
| 7 | തൊടുപുഴ മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം | 34 |
| 8 | കോട്ടയം മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം | 50 |
| 9 | തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഒന്നാം ഘട്ടം | 185 |
| 10 | മട്ടന്നൂർ-ഇരിട്ടി മുനിസിപ്പാലിറ്റികൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 76.6 |
| 11 | ധർമ്മടം കുടിവെള്ള പദ്ധതി വിപുലീകരണം | 16.5 |
| 12 | കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ) കുടിവെള്ള പദ്ധതി – വിതരണശൃംഖല മെച്ചപ്പെടുത്തൽ | 12 |

| | | |
|---|---|---|
| 13 | മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജു കൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കൽ, | 18 |
| 14 | തിരുവാലിയും സമീപ വില്ലേജുകൾക്കുമായുള്ള പദ്ധതിയുടെ വിതരണശൃംഖല വിപുലീകരണം | 22.2 |
| 15 | നെന്മാറയും സമീപ പഞ്ചായത്തു കൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം പാക്കേജ്-1 | 24.5 |
| 16 | കടമക്കുടി പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ | 12 |
| 17 | വാരാപ്പുഴ പഞ്ചായത്തിന്റെ വിതരണ ശൃംഖല മെച്ചപ്പെടുത്തൽ | 16.5 |
| 18 | പെരുനാട്-അത്തിക്കയം വില്ലേജുകളുടെ വിതരണശൃംഖല മെച്ചപ്പെടുത്തൽ പാക്കേജ്-1 | 41.4 |
| 19 | ചീക്കോട് കുടി വെള്ള പദ്ധതിയുമായി സംയോജിപ്പിച്ചുള്ള രാമനാട്ടുകര കുടിവെള്ള പദ്ധതിയുടെ മെച്ചപ്പെടുത്തൽ | 26 |
| 20 | കല്ലുവാതു ക്കൽ-പാരിപ്പള്ളി-വെളിനല്ലൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ഒന്നാംഘട്ടം | 27 |
| 21 | അമ്പലപ്പാറ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി പാക്കേജ് -1 | 10 |
| 22 | തച്ചനാട്ടുകര-അലനല്ലൂർ-കോട്ടോപാടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി പാക്കേജ് -1 | 22 |
| 23 | താനൂർ മുനിസിപ്പാലിറ്റിയും സമീപ 4 പഞ്ചായത്തു കൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി പാക്കേജ്-1 ഉം 2 ഉം | 100 |
| | **ആകെ** | **1257.1** |

സെക്ഷൻ ഓഫീസർ

| കിഫ്ബി 2017-18 പദ്ധതികൾ -അനുബന്ധം -2 | | |
|---|---|---|
| **സർക്കാരിൽ നിന്ന് തത്വത്തിൽ അംഗീകാരം ലഭിച്ച പദ്ധതികൾ** | | |
| **ക്രമ നമ്പർ** | **പദ്ധതിയുടെ പേര്** | **എസ്റ്റിമേറ്റ് തുക (കോടിയിൽ)** |
| 1 | പട്ടാഴി, പട്ടാഴി വടക്കേക്കര, മൈലം ,തലവൂർ പഞ്ചായത്തുകളിലെക്കുള്ള ജലവിതരണ പദ്ധതി – രണ്ടാം ഘട്ടം | 60.61 |
| 2 | ചാഴൂർ, അന്തിക്കാട്, താന്ന്യം പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 31 |
| 3 | കോടശ്ശേരി പരിയാരം ,ആതിരപ്പള്ളി പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 55 |
| 4 | നാട്ടിക ഫിർക്ക കുടിവെള്ള പദ്ധതി | 66 |
| 5 | എടയൂർ- ഇരിമ്പിളിയം – വളാഞ്ചേരി കുടിവെള്ള പദ്ധതി | 75 |
| 6 | അയ്യപ്പൻകോവിൽ ജലവിതരണ പദ്ധതി | 47.5 |
| **ആകെ** | | **335.11** |

| സർക്കാരിൽ അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതികൾ | | |
|---|---|---|
| **ക്രമ നമ്പർ** | **പദ്ധതിയുടെ പേര്** | **എസ്റ്റിമേറ്റ് തുക (കോടിയിൽ)** |
| 1 | തിരുവനന്തപുരം നെയ്യാർ ഡാം ഇതര ഉറവിടമാക്കിയുള്ള ജലവിതരണ പദ്ധതി | 203.89 |
| 2 | മുദാക്കൽ പഞ്ചായത്തിലെ ജലവിതരണ പദ്ധതിയുടെ വികസന പ്രവർത്തനങ്ങൾ | 11.58 |
| 3 | കാരോട് പഞ്ചായത്തിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി | 86 |
| 4 | ചിറയിൻകീഴ് മണ്ഡലത്തിലെ തീരപ്രദേശങ്ങളിലെക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 18.28 |
| 5 | അതിയന്നൂർ, കോട്ടുകൽ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധീകരിച്ച ജലവിതരണ പദ്ധതി | 25 |
| 6 | നഗരൂർ ,കരവാരം, പുളിമാത്ത് പഞ്ചായത്തുകളിലെക്കുള്ള ജലവിതരണ പദ്ധതി | 83 |
| 7 | രാമൻചാടി- അലിഗർ കുടിവെള്ള പദ്ധതി | 90 |
| 8 | കരുമാല്ലൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി | 36.5 |
| 9 | ഇടവണ്ണ പഞ്ചായത്ത് സമഗ്ര കുടിവെള്ള പദ്ധതി –രണ്ടാം ഘട്ടം | 53.40 |
| 10 | തലശ്ശേരി- കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി | 80.14 |
| **ആകെ** | | **687.79** |

| സർക്കാരിൽ സമർപ്പിക്കാൻ തയാറാക്കി വരുന്ന പദ്ധതികൾ | |
|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് |
| 1 | കിഴക്കൻ മല ജലവിതരണ പദ്ധതി |
| 2 | ചാത്തന്നൂർ ജലവിതരണ പദ്ധതി |
| 3 | പുറമറ്റം , കല്ലൂപ്പാറ , കോയിപ്പുറം, എഴുമറ്റൂർ പഞ്ചായത്തുകളിലെക്കുള്ള ജലവിതരണ പദ്ധതി |
| 4 | തോട്ടപ്പുഴശ്ശേരി, കോയിപ്പുറം, ഇരവിപേരൂർ പഞ്ചായത്തുകലേക്കുള്ള കുടിവെള്ള പദ്ധതി |
| 5 | കുട്ടനാട് കുടിവെള്ള പദ്ധതി – രണ്ടാം ഘട്ടം |
| 6 | ഏറ്റുമാനൂർ കുടിവെള്ള പദ്ധതി |
| 7 | കരിമ്പുകയം കുടിവെള്ള പദ്ധതി |
| 8 | ആലാ-പുലിയൂർ, ബുധനൂർ,പാണ്ടനാട് പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതി |
| 9 | അങ്കമാലി കുടിവെള്ള വിതരണ പദ്ധതിയുടെ ദീർഘിപ്പിക്കൽ |
| 10 | മലമ്പുഴയിലെ വിവിധ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായുള്ള കുടിവെള്ള പദ്ധതി |
| 11 | എലവഞ്ചേരി- പല്ലശ്ശന സമഗ്ര കുടിവെള്ള പദ്ധതി |
| 12 | വണ്ടാഴി, കിഴക്കഞ്ചേരി- വടക്കഞ്ചേരി- കണ്ണമ്പ്ര പഞ്ചായത്തുകളിലലേക്കുള്ളസമഗ്ര ശുദ്ധജല വിതരണ പദ്ധതി- രണ്ടാം ഘട്ടം |
| 13 | കരിമ്പ, കോങ്ങാട് പഞ്ചായത്തുകളിലെക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി |
| 14 | ഫറൂക്ക് കരുവൻതുരുത്തി കുടിവെള്ള പദ്ധതി |
| 15 | മഞ്ചേരി സബർബൻ കുടിവെള്ള പദ്ധതി |
| 16 | എ.ആർ.നഗർ പഞ്ചായത്തിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി |
| 17 | കണ്ണൂർ ജില്ലയിലെ പേരാവൂരിലേക്കും സമീപ പഞ്ചായത്തുകളിലെക്കുമുള്ള ജലവിതരണ പദ്ധതി |
| 18 | പായം, അച്ചൻകുന്ന് പഞ്ചായത്തുകളിലെക്കുള്ള കുടിവെള്ള പദ്ധതി |
| 19 | തലക്കുളത്തൂർ നാരായണഞ്ചിറ കുടിവെള്ള പദ്ധതി |

സെക്ഷൻ ഓഫീസർ

# അനുബന്ധം-3

## അമൃത് പദ്ധതി - പ്രവർത്തികൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക (കോടിയിൽ) |
|---|---|---|
| **തിരുവനന്തപുരം കോർപറേഷൻ** | | |
| 1 | അരുവിക്കരയിലെ 75 mld പുതിയ ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം. | 70 |
| **കൊല്ലം കോർപറേഷൻ** | | |
| 1 | കൊല്ലം കോർപ്പറേഷന്റെ ജലവിതരണ സമ്പ്രദായത്തിന്റെ മെച്ചപ്പെടുത്തൽ | 78.35 |
| **ആലപ്പുഴ മുനിസിപാലിറ്റി** | | |
| 1 | ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ജലവിതരണ സംവിധാനത്തിന്റെ നവീകരണവും ആധുനികവൽക്കരണവും (ഘട്ടം -1) | 33.9 |
| 2 | ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ജല വിതരണ സംവിധാനത്തിന്റെ നവീകരണവും ആധുനികവൽക്കരണവും (ഘട്ടം -2) | 56.87 |
| 3 | ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ജല വിതരണ വിതരണ സംവിധാനത്തിന്റെ നവീകരണവും ആധുനികവൽക്കരണവും (ഘട്ടം -3) | 58.13 |
| **കൊച്ചി കോർപറേഷൻ** | | |
| 1 | കരുവേലിപ്പടി - 15 ലക്ഷം ലിറ്റർ ഭൂതല സംഭരണിയുടെ നിർമ്മാണം. | 3.2 |
| 2 | അരൂർ എടക്കൊച്ചി പാലത്തിന്റെ വടക്കേ അറ്റം മുതൽ ഇടക്കൊച്ചി ജലസംഭരണി വരെ 450 .മി. മി, ഡി. ഐ കെ 9 പൈപ്പ് സ്ഥാപിക്കൽ | 1.52 |
| 3 | മരട് ജല ശുദ്ധീകരണ ശാല മുതൽ തമ്മനം പമ്പ് ഹൗസ് വരെയുള്ള 500 .മി. മി, ഡി. ഐ പൈപ്പ് സ്ഥാപിക്കൽ | 16.5 |
| 4 | കത്രിക്കടവ് മുതൽ എളങ്കുളം, ചെട്ടിച്ചിറ, പൊന്നുരുന്നി പ്രദേശങ്ങളിലും ചക്കരപറമ്പ് പ്രദേശത്തും വിതരണ ലൈനുകൾ സ്ഥാപിക്കൽ | 3.25 |
| 5 | പച്ചാളം - 17 ലക്ഷം ലിറ്റർ സംഭരണിയുടെയും 2.5 ലക്ഷം ലിറ്റർ ഭൂതല സംഭരണിയുടെയും നിർമ്മാണം. | 7.75 |
| 6 | ചേരാനല്ലൂരിൽ 15 ലക്ഷം ലിറ്റർ സംഭരണിയുടെയും 2 ലക്ഷം ലിറ്റർ ഭൂതല സംഭരണിയുടെയും നിർമ്മാണം. | 7.75 |
| 7 | തേവരയിൽ 10 ലക്ഷം ലിറ്റർ സംഭരണിയുടെയും നിർമ്മാണം. | 5.6 |

| | | |
|---|---|---|
| 8 | കടവന്ത്രയിൽ 10 ലക്ഷം ലിറ്റർ സംഭരണിയുടെ പുനരുദ്ധാരണവും തമ്മനം മുതൽ കടവന്ത്ര വരെയുള്ള പംബിംഗ് മെയിൻ സ്ഥാപിക്കലും . | 7.65 |
| 9 | കതൃക്കടവ് മുതൽ പച്ചാളം വരെ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 10.7 |
| 10 | എടക്കൊച്ചി 13 ലക്ഷം ലിറ്റർ സംഭരണിയുടെ പുനരുദ്ധാരണവും പൈപ്പ് ലൈൻ സംയോജിപ്പിക്കലും | 6 |
| 11 | കരുവേലിപ്പടി സോണിൽ 35 ലക്ഷം ലിറ്റർ സംഭരണിയുടെ നിർമാണം | 11.65 |
| 12 | കലൂർ സോണിൽ 40 ലക്ഷം ലിറ്റർ സംഭരണിയുടെ നിർമാണം, പൈപ്പ് ലൈൻ സംയോജിപ്പിക്കലും | 15.00 |
| 13 | പെരുമാനൂർ മുതൽ രവിപുരം വരെ 400 മില്ലിമീറ്റർ വലിപ്പമുള്ള ട്രാൻസ്മിഷൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 4.40 |

**തൃശ്ശൂർ കോർപറേഷൻ**

| | | |
|---|---|---|
| 1 | കൂർക്കഞ്ചേരി മേഖലയിലേക്കുള്ള ഡബ്ല്യു.എസ്.എസ് നവീകരണം | 3.41 |
| 2 | നിലവിലുള്ള സ്കീമുകൾ പൂർത്തീകരിക്കൽ - ഒല്ലൂർ -20 ലക്ഷം ലിറ്റർ സംഭരണിയുടെ നിർമ്മാണം. | 11.40 |
| 3 | പീച്ചിയിൽ 20 MLD പുതിയ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമിക്കുക. | 17.30 |
| 4 | കോർപ്പറേഷൻ പ്രദേശത്ത് 100 KM ചുറ്റളവിൽ 160mm PVC, 300mm DI പൈപ്പുകൾ സ്ഥാപിക്കൽ | 8.00 |
| 5 | തൃശൂർ കോർപ്പറേഷനിൽ വിവിധ വിതരണ ലൈനുകളുടെ സ്ഥാപിക്കൽ | 17.00 |
| 6 | കിഴക്കുമ്പാട്ടുകര മുതൽ നെല്ലിക്കുന്ന് വരെ വിവിധ വിതരണ ലൈനുകളുടെ സ്ഥാപിക്കൽ | 6.00 |
| 7 | ആറപ്പാറയിൽ 10LL സംഭരണി നിർമ്മാണവും ചേറൂർ 5LL ഭൂതല സംഭരണിയുടെ നിർമ്മാണവും അനുബന്ധ പ്രവർത്തികളും. | 8.00 |
| 8 | ആനപ്പാറ വില്ലടം പ്രദേശത്ത് വിവിധ വിതരണ ലൈനുകളുടെ സ്ഥാപിക്കൽ | 5.80 |
| 9 | കുട്ടനല്ലൂരിലെ 5LL സംഭരണിയുടെ നിർമ്മാണവും അനുബന്ധ പ്രവർത്തികളും. | 8.00 |
| 10 | പീച്ചിയിൽ ഫ്ലോട്ടിംഗ് ഇൻ ടേക്ക് സ്ട്രക്ച്ചർ സ്ഥാപിക്കൽ | 5.00 |

**ഗുരുവായൂർ മുനിസിപാലിറ്റി**

| | | |
|---|---|---|
| 1 | ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ ജല വിതരണ സംവിധാനം മെച്ചപ്പെടുത്തൽ | 13.72 |
| 2 | ഗുരുവായൂരിൽ 10LL സംഭരണിയുടെ നിർമ്മാണവും അനുബന്ധ പ്രവർത്തികളും. | 15.50 |
| 3 | ഗുരുവായൂരിൽ ജലവിതരണ സംവിധാനം മെച്ചപ്പെടുത്തൽ (ഘട്ടം -2) | 77.18 |
| 4 | പൂക്കോടിൽ 10LL സംഭരണിയുടെ നിർമ്മാണവും ഗുരുവായൂരിൽ അനുബന്ധ പ്രവർത്തികളും. | 19.68 |

**പാലക്കാട് മുനിസിപാലിറ്റി**

| | | |
|---|---|---|
| 1 | പുത്തൂർ Jn നിൽ നിന്നും മൂത്തൻതറ ജല സംഭരണി വരെ 600 മി.മീ. ഡി-ഐ കെ 9 -പൈപ്പ് സ്ഥാപിക്കൽ | 5.44 |
| 2 | മൂത്തൻതറ മുതൽ കൽമണ്ഡപം വരെയുള്ള പുതിയ 450 മില്ലി മീറ്റർ DI-K9 പൈപ്പ് സ്ഥാപിക്കൽ | 4.56 |
| 3 | മലമ്പുഴ WTP മുതൽ മാട്ട്മന്ത വരെ 600 മി.മീ. ഡി-ഐ കെ 9 -പൈപ്പ് സ്ഥാപിക്കൽ | 6.25 |
| 4 | മലമ്പുഴ, കെ.ഡബ്ലിയു.എ. വളപ്പിൽ 45 എംഎൽഡി വാട്ടർ ട്രീറ്റ്മെന്റ് പ്ലാൻറ് നിർമ്മാണം | 22.25 |
| 5 | കൽമണ്ഡപം 16LL സംഭരണി നിർമ്മാണവും അനുബന്ധ പ്രവർത്തികളും. | 3.00 |
| 6 | 76.55LL സംഭരണി നിർമ്മാണവും അനുബന്ധ പ്രവർത്തികളും. | 11.56 |
| 7 | ശരിയായ സോണിങ്ങിനു വേണ്ട റൈഡർ മെയിൻ പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ (500/450/400/350 mm DI (3 സോണൽ OHSRs)) -15 Km | 54.33 |
| 8 | ജലസേചന ബന്ധം (റോഡിന്റെ ഇരുവശവും), കണക്ഷനുകൾ മാറ്റുന്നതിനായി 160 മി.മീ പിവിസി - 30 കി. മി | |
| 9 | ശരിയായ സോണിങ്ങിനു വേണ്ട റൈഡർ മെയിൻ പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ (500/450/400/350 mm DI (3 സോണൽ OHSRs)) -13 Km | |

| | | |
|---|---|---|
| 10 | ജലസേചന ബന്ധം (റോഡിന്റെ ഇരുവശവും), കണക്ഷനുകൾ മാറ്റുന്നതിനായി 160 മി.മീ പിവിസി - 38 കി. മി | |
| 11 | നിലവിലുള്ള എ.സി പൈപ്പ് ലൈനുകളുടെ സ്ഥാനത്ത് 150/200 / 250mm DI-K9 - 6 കിമി സ്ഥാപിക്കൽ | |
| 12 | പൊതു ടാപ്പിനെ ഉന്മൂലനം ചെയ്യാനും NRW കുറയ്ക്കാനും എല്ലാ ജല കണക്ഷനുകളും നൽകുക - 9000 എണ്ണം | |

**കോഴിക്കോട് കോർപറേഷൻ**

| | | |
|---|---|---|
| 1 | നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തി കോഴിക്കോട് കുടിവെള്ള വിതരണ പദ്ധതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ | 17.27 |
| 2 | സംയോജിത കോഴിക്കോട് കുടിവെള്ള വിതരണ പദ്ധതി - ഫേസ് II - 10 മേഖലകളിൽ വിതരണ ശൃംഖല സ്ഥാപിക്കൽ | 46.55 |

**കണ്ണൂർ കോർപറേഷൻ**

| | | |
|---|---|---|
| 1 | മങ്ങാട്ട്പറമ്പ് മുതൽ പള്ളിക്കുന്ന്, പുഴതി വില്ലേജുകൾക്കായി പള്ളിക്കുന്ന് ഒ.എച്ച്.എസ്.ആർ. വരെ ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ | 23.50 |
| 2 | പള്ളിക്കുന്ന്, പുഴതി വില്ലേജുകൾക്ക് പള്ളിക്കുന്നിൽ 24LL OHSR നിർമ്മാണം. | 4.05 |
| 3 | നിലവിലുള്ള പഴയ വിതരണ ശൃംഖല, വാൽവ്, ഹൗസ് സർവീസ് കണക്ഷൻ, നിലവിലുള്ള ലൈനുകളുമായുള്ള സംയോജിപ്പിക്കലും അനുബന്ധ പ്രവർത്തികളും. | 15.00 |
| 4 | തോട്ടട - എടക്കാട് സോൺ III യിൽ 14 എൽ എൽ OHSR നിർമ്മാണം. | 3.00 |
| 5 | തൊട്ടടയിലെ OHSR ൽ നിന്നും അവേരയിലേക്ക് പൈപ്പ്ലൈൻസ്ഥാപിക്കൽ | 6.80 |
| 6 | നിലവിലുള്ള WTP 30 എംഎൽഡി യിൽ നിന്നും 40 എംഎൽഡി ശേഷി ഉയർത്തൽ | 7.80 |
| 7 | പുതിയ വിതരണ ലൈൻ 385km സ്ഥാപിക്കലും സർവീസ് കൺനെഷനുകളും - എടക്കാട്, എളയാവൂർ, പള്ളിക്കുന്ന്, പുഴാത്തി മേഖല | 17.47 |
| | **ആകെ** | **863.04** |



സെക്ഷൻ ഓഫീസർ

## സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേരും | ഭരണാനുമതി തുക കോടിയിൽ |
|---|---|---|
| 1 | ഹരിപ്പാടിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി –രണ്ടാം ഘട്ടം | 35 |
| 2 | പാലക്കാട് ജില്ലയിലെ ചിറ്റൂർ,തത്തമംഗലം മുനിസിപ്പാലിറ്റികൾക്കും വടവന്നൂർ പഞ്ചായത്തിനും വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി | 15 |
| 3 | തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ,വെങ്ങാനൂർ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ് പദ്ധതി –മൂന്നാം ഘട്ടം | 14.66 |
| 4 | പത്തനംതിട്ട ജില്ലയുലെ ആയിരൂർ - കന്നേറ്റുകരയ്ക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി –രണ്ടാം ഘട്ടം | 28 |
| 5 | ആലപ്പുഴ ജില്ലയിലെ ആര്യാട് പഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 4.99 |
| 6 | പത്തനംതിട്ട ജില്ലയിലെ പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം, ഇരവിപേരൂർ ,കോയിപ്പുറം തോട്ടപ്പുഴശ്ശേരി പഞ്ചായ-ത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി –ഒന്നാം ഘട്ടം | 42.35 |
| 7 | തിരുവനതപുരം നഗരത്തിനും സമിപ പ്രദേശങ്ങളിലും കുടിവെള്ളം ലഭ്യമാക്കുന്നതിന് നെയ്യാർ ഡാം സ്രോതസ്സായുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായ നെയ്യാർ ഡാമിൽ 120 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധികരണശാലയുടെ നിർമ്മാണം | 60.00 |
| 8 | മല്ലപ്പള്ളി ആനിക്കാട് കോട്ടാങ്ങൽ (ഭാഗികം) പഞ്ചായത്തുകൾക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി - രണ്ടാം ഘട്ടം | 24.00 |
| | **ആകെ** | 224.00 |

സെക്ഷൻ ഓഫീസർ

| ഇൗ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് ധനസഹായത്തോടെ അംഗീകാരം ലഭിച്ച പദ്ധതികൾ | | |
|---|---|---|
| നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക (രൂപ കോടിയിൽ) |
| (ആർ.ഐ.ഡി.എഫ്. XXII) | | |
| 1 | പള്ളിച്ചൽ ബാലരാമപുരം വിളവൂർക്കൽ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ബാക്കി പണികൾ | 10.24 |
| 2 | വെളിയമറ്റവും ആലക്കോട്ടും വില്ലേജുകൾക്കായുള്ള കുടിവെള്ളപദ്ധതി | 5.58 |
| 3 | കരിമണ്ണൂർ, ഉടുമ്പന്നൂർ, കോടികുളം, വണ്ണപ്പുറം പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതി | 12.00 |
| 4 | അറക്കുഴ, പാലക്കുഴ പഞ്ചായത്തികളിലേക്കുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി | 13.50 |
| 5 | കുട്ടമ്പുഴ പഞ്ചായത്തിലെ ഇൗഞ്ചത്തൊട്ടി ചെറുകിട ശുദ്ധജലവിതരണ പദ്ധതി | 0.92 |
| 6 | പട്ടവവും സമീപ വില്ലേജുകൾക്കുമായുള്ള ചെറുകിട ശുദ്ധജലവിതരണ പദ്ധതി - ബാക്കി പ്രവൃത്തികൾ ഘട്ടം I | 14.95 |
| (ആർ.ഐ.ഡി.എഫ്. XXIII) | | |
| 7 | പാലക്കാട് ജില്ലയിലെ മണ്ണൂർ, കേരളശ്ശേരി ,മങ്കര പഞ്ചായത്തുകളിലെക്കുള്ള സമഗ്ര ജലവിതരണ പദ്ധതി-ഒന്നാം ഘട്ടം | 25.30 |
| 8 | പാലക്കാട് ജില്ലയിലെ മണ്ണാര്ക്കാവട് താലൂക്കിൽ പെട്ട അഗളിയിലേക്കും സമീപ പഞ്ചായത്തുകളിലേക്കുമുള്ള സമഗ്ര കുടിവെള്ള പദ്ധതി-ഒന്നാം ഘട്ടം | 25.00 |
| 9 | കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ കൊട്ടിയൂർ, കേളകം, കാഞ്ചിയാർ പഞ്ചായത്തുകളിലെക്കുള്ള ജലവിതരണ പദ്ധതി- ഒന്നാം ഘട്ടം | 35.25 |
| ആകെ | | **142.74** |

സെക്ഷൻ ഓഫീസർ